DESPATCHED
17/12/21



01/12/21

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ CP No.687(4)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4568/*എസ്.ഐ.സി-ജി 2/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ഷിജു.വി.പൗലോസ്,
വീപ്പനാത്ത്,
കരിമാങ്കുളം ഹൗസ്, തിരുവാങ്കുളം
എറണാകുളം 682 305
} പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സീനിയർ സൂപ്രണ്ട്
റവന്യൂ ഡിവിഷണൽ ഓഫീസ്
മൂവാറ്റുപുഴ.
} എതിർകക്ഷി

**ഉത്തരവ്**

പരാതി ഹർജിക്കാരൻ അപേക്ഷയിൽ നൽകിയ വിവരങ്ങൾ കൊണ്ട് മാത്രം ഇതിന് ആധാരമായ ഫയൽ കണ്ടെത്തുവാൻ കഴിയുന്നില്ല എന്നും, ഓഫീസിലെ ഫയൽ നമ്പർ, റിപ്പോർട്ട് നമ്പർ, എന്നിവയെങ്കിലും സൂചിപ്പിച്ചാൽ മാത്രമേ വിവരങ്ങൾ കണ്ടെത്താൻ സാധിയ്ക്കുകയുള്ളൂ എന്നും പരാതി ഹർജിക്കാരന് 21-02-2015 ൽ കത്തയച്ചിട്ടുള്ളതാണ്. അപേക്ഷ സംബന്ധിച്ച കുന്നത്തുനാട് തഹസിൽദാറിൽ നിന്നും റിപ്പോർട്ട് വാങ്ങിയിട്ടുള്ളതാണെന്നും അപേക്ഷയിൽ സൂചിപ്പിച്ചിട്ടുള്ള 09-01-2013 ലെ പരാതി ഇ.സി.122/13 നമ്പർ കുന്നത്തുനാട് തഹസിൽദാർ, തിരുവാണിയൂർ വില്ലേജ് ഓഫീസർക്ക്

അയച്ചു കൊടുത്തിട്ടുള്ളതാണെന്നും, വില്ലേജ് ഓഫീസിൽ നിന്നും റിപ്പോർട്ട് ലഭിച്ചിട്ടില്ലെന്ന് എതിർ കക്ഷി കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറയുന്നു.

2. ഈ പശ്ചാത്തലത്തിൽ കമ്മീഷൻ തൽക്കാലം പരാതി ഹർജിയിൽ മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 2021, ഡിസംബർ മാസം ഒന്നാം തീയതി ഉത്തരവാകുന്നു. പരാതി ഹർജിക്കാരന് ഇനി പരാതി അവശേഷിക്കുന്നുണ്ട് എങ്കിൽ, ആയത് കമ്മീഷനെ അറിയിച്ചാൽ അത് ഒരു പുതിയ പരാതി ഹർജിയായി പരിഗണിച്ച് കമ്മീഷൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

(ഒപ്പ്)
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

pre